മാവേലിക്കര, തൃശ്ശൂർ ഫൈൻ ആർട്സ് കോളേജുകളുടെ പ്രവർത്തനം

162 [761] ശ്രീ. സി.ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, സി. മോയിൻകുട്ടി :

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര, തൃശ്ശൂർ ഫൈൻ ആർട്സ് കോളേജുകളിൽ ഏതെല്ലാം വിഷയങ്ങളിലാണ് ഡിഗ്രി കോഴ്സുകൾക്ക് അദ്ധ്യാപനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യത്യസ്ത ഡിഗ്രി കോഴ്സുകൾ പഠിപ്പിക്കുന്ന ലക്ചറർമാർക്കു വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഓരോ വിഷയത്തിലും ഒഴിവുള്ള തസ്തികകളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഫൈൻ ആർട്സ് കേളേജുകളിലേയും അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സീനിയോറിറ്റി ലിസ്റ്റും അവരുടെ യോഗ്യതകളും വെളിപ്പെടുത്തുമോ ;

(ഇ) തിരുവനന്തപുരം ഫൈൻആർട്സ് കോളേജിൽ പുതുതായി തുടങ്ങിയ മാസ്റ്റർ ഓഫ് ഫൈൻ ആർട്സ് കോഴ്സ് പഠിപ്പിക്കാനാവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെയിന്റിംഗ്, അപ്ലൈഡ് ആർട്ട്, സ്കൾപ്ച്ചർ എന്നീ വിഷയങ്ങളിലാണ് മാവേലിക്കര, തൃശ്ശൂർ ഫൈൻ ആർട്സ് കോളേജുകളിൽ ഡിഗ്രി കോഴ്സ് നടത്തുന്നത്.

(ബി) ഫൈൻ ആർട്സ് കോളേജുകളിൽ പെയിന്റിംഗ്, അപ്ലൈഡ് ആർട്ട്/ സ്കൾപ്ച്ചർ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്ന ലക്ചറർമാരുടെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.

ഒരംഗീകൃത സർവ്വകലാശാലയിൽനിന്നും അൻപത്തഞ്ചു ശതമാനത്തിൽ കുറയാത്ത മാർക്കോടെ അതാതു വിഷയത്തിൽ ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ ഉള്ള ബിരുദം അല്ലെങ്കിൽ രണ്ടാം ക്ലാസ്സിൽ ഉള്ള ബിരുദാനന്തര ബിരുദം.

അല്ലെങ്കിൽ

എസ്. എസ്. എൽ. സി.-ക്കുശേഷം ഒരംഗീകൃത സർവ്വകലാശാലയിൽനിന്നും അൻപത്തഞ്ചുശതമാനത്തിൽ കുറയാത്ത മാർക്കോടെ ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ അതാതു വിഷയത്തിൽ ലഭിച്ച നാഷണൽ ഡിപ്ലോമ.

LIBRARY ARCHIVES Kerala Legislative Assembly

(2) ഫൈൻ ആർട്സ് കോളേജുകളിൽ ആർട്സ് ഹിസ്റ്ററിയും ഈസ്തെറ്റിക്സും പഠിപ്പിക്കുന്ന ലക്ചറർമാരുടെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.

ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും അൻപത്തഞ്ചു ശതമാനത്തിൽ കുറയാത്ത മാർക്കോടെ ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ ഹിസ്റ്ററി ഓഫ് ആർട്സിൽ നേടിയ ബിരുദാനന്തര ബിരുദം.

(സി) ഗ്രാഫിക്സ് വിഭാഗത്തിൽ ലക്ചറർമാരുടെ രണ്ടൊഴിവുകളും ആർട്ട് ഹിസ്റ്ററി വിഭാഗത്തിൽ രണ്ടൊഴിവുകളും നിലവിലുണ്ട്.

(ഡി) ഫൈൻ ആർട്സ് കോളേജുകളിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റും യോഗ്യതകളും അനുബന്ധമായി † ചേർത്തിട്ടുണ്ട്. ഫൈൻ ആർട്സ് കോളേജുകളിലെ അനദ്ധ്യാപകർക്ക് മാത്രമായി പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുതലത്തിലുള്ള സീനിയോറിറ്റി ലിസ്റ്റാണുള്ളത്.

(ഇ) സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയൊന്നുമുണ്ടാകരുതെന്ന വ്യവസ്ഥയിന്മേലാണ് തിരുവനന്തപുരം ഫൈൻആർട്സ് കോളേജിൽ എം.എഫ്.എ. കോഴ്സ് അനുവദിച്ചത്. ആയതിനാൽ ടി കോഴ്സിനുവേണ്ടി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള അദ്ധ്യാപകർ തന്നെയാണ് എം.എഫ്.എ. കോഴ്സ് കൈകാര്യം ചെയ്യുന്നത്.

പാലക്കാട് ജില്ലയിലെ എച്ച്. എസ്. എ. (ഹിന്ദി) റാങ്ക് ലിസ്റ്റ്

163 [762] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എച്ച്. എസ്. എ. (ഹിന്ദി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ഇപ്പോൾ എത്ര എച്ച്. എസ്. എ. (ഹിന്ദി) തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റാങ്ക് ലിസ്റ്റ് കാലാവധി കഴിയും മുൻപ് ലിസ്റ്റിലുള്ള മുഴുവൻ പേരെയും നിയമിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly